**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Dinesan Cheruvat IAS)

സംഗ്രഹം

വിഷയം: - തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് സീനിയർ സൂപ്രണ്ട് (ഗ്രാമവികസനം) തസ്തികയിലെ ജീവനക്കാരിക്ക് റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ . LSGD/PD/20159/2024-DEH3 തീയതി:26-01-2025**

പരാമർശം:

1) 10/02/2021 തീയതിയിലെ ജി.ഒ. (പി) നം.27/2021/ഫിൻ നമ്പർ ഉത്തരവ്.
2) ഈ കാര്യാലയത്തിലെ 06/05/2023 തീയതിയിലെ LSGD/PD/10339/2023-GEA1 നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തലെ 08/09/2024 തീയതിയിലെ LSGD/PD/20159/2024-DEH3 നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ (ഗ്രാമവികസനം) വകുപ്പിലെ സീനിയർ സൂപ്രണ്ടുമാരിൽ 25% പേർക്ക് 56500-118100 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സീനിയർ സൂപ്രണ്ട് തസ്തികയുടെ 01/01/2023 അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റ് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ ശ്രീ. പി.ജി. റജി (സീനിയോറിറ്റി നം.138) എന്നവർക്കാണ് പരാമർശം (3) ഉത്തരവ് പ്രകാരം അവസാനമായി റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളത്. ടി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. മേരി സൂസൻ മോത്തീസ് (സീനിയോറിറ്റി നം.115) 31/10/2024 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചതു മൂലം സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിരമിക്കൽ മൂലം സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ നിരീക്ഷണ കാലയളവ് പൂർത്തിയായതായി പ്രഖ്യാപിക്കപ്പെട്ട് യോഗ്യത നേടിയ ചുവടെ ചേർക്കുന്ന ജീവനക്കാരിക്ക് 56500-118100 എന്ന ശമ്പള സ്കെയിലിൽ ടിയാളുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| സീനിയോറിറ്റി നം. | പേര്, പെൻ, തസ്തിക, ഓഫീസ് | റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|
| 143 | ശ്രീമതി. ഹഫ്സത്ത് വി.<br>203256<br>സീനിയർ സൂപ്രണ്ട്<br>ജില്ലാ പഞ്ചായത്ത്, മലപ്പുറം | 01/11/2024 | ശ്രീമതി. മേരി സൂസൻ മോത്തീസ് (സീനിയോറിറ്റി നം. 115) 31/10/2024 ന് വിരമിച്ച ഒഴിവിൽ |

ഹയർഗ്രേഡ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗസ്ഥയുടെ അർഹത പരിശോധിച്ച് മാത്രം കെ.എസ്.ആർ. ഭാഗം I ചട്ടം 28 (എ) പ്രകാരം ശമ്പളം പുനർനിർണ്ണയിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആ വിവരം ബന്ധപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. കെ.എസ്.ആർ. ഭാഗം I ചട്ടം 23 (ഡി) പ്രകാരം ഹയർഗ്രേഡ് ഉത്തരവ് തീയതി മുതൽ ഒരു വർഷം പിന്നിലേയ്ക്കുള്ള ശമ്പള കുടിശ്ശികയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ആനുകൂല്യം അനുവദിച്ച് നൽകുമ്പോൾ അർഹതപെട്ടതിലും ഉപരിയാണെന്ന് ഓഡിറ്റ് മുഖേനയോ അല്ലാതെയോ ഭാവിയിൽ ബോധ്യപ്പെടുന്ന പക്ഷം ആയത് തിരിച്ചു പിടിക്കാൻ ഉതകുന്ന രീതിയിൽ ജീവനക്കാരിയിൽ നിന്നും സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

Signed by
Dinesan Cheruvat
Date: 26-01-2025 20:22:40

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

പകർപ്പ്:
1. ശ്രീമതി. ഹഫ്സത്ത് വി., സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് മലപ്പുറം (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
2. ജില്ലാ ജോയിന്റ് ഡയറക്ടർ, മലപ്പുറം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തൃശ്ശൂർ.
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി